# ചെർപ്പുളശ്ശേരി  ഉപജില്ലാ കലോൽസവം 2018–19

## കരിമ്പുഴ എച്ച്എസ്.എസ്. തോട്ടര,

## സംഘാടക സമിതിയുടെ അറിയിപ്പുകൾ

**എല്ലാ ഹയർ സെക്കന്ററി പ്രിൻസിപ്പാൾ,ഹൈസ്കൂൾ പ്രധാനാധ്യാപകർക്കും**

പരിഷ്കരിച്ച കലോൽസവ മാന്വൽ പ്രകാരമുള്ള ഓൺലൈൻ സംവിധാനം തയ്യാറായി.ലിങ്ക്::http://state.schoolkalolsavam.in/kalolsavam2018/ സമ്പൂർണയുടെ യൂസർ ഐഡി യും പാസ് വേഡും ഉപയോഗിച്ച് സ്കൂളുകൾക്ക് കലോൽസവത്തിനുള്ള പ്രവേശന ലിസ്റ്റ് ഓൺലൈനായി തയ്യാറാക്കാം.

ഈ വർഷത്തെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ഹൈസ്കൂൾ,ഹയർസെക്കന്ററി വിഭാഗങ്ങൾക്ക് മാത്രമാണ് മൽസരങ്ങൾ നടത്തുന്നത്.

മൽസരങ്ങൾ പരമാവധി ചെലവു കുറച്ച് ആർഭാടരഹിതമായി നടത്താൻ സംഘാടകരുമായി സഹകരിക്കേ   താണ്

വിദ്യാഭ്യാസ വകുപ്പിന്റെ നിർദേശപ്രകാരം ഇപ്രാവശ്യം വിജയികൾക്ക് സർട്ടിഫിക്കറ്റുകൾ മാത്രമേ വിതരണം ചെയ്യുകയുള്ളു.നിലവിൽ വിവിധ ഇനങ്ങൾക്കുള്ള റോളിംഗ് ട്രോഫികളും വിദ്യാലയങ്ങൾക്കുള്ള അഗ്രിഗേറ്റ് ട്രോഫികളും  വിതരണം ചെയ്യുന്നതല്ല.നിലവിൽ ട്രോഫികൾ ഉള്ള വിദ്യാലയങ്ങളിൽ തന്നെ  ആയതു സൂക്ഷിക്കേ   തും വരും വർഷങ്ങളിൽ സംഘാടക സമിതിയെ ഏൽപിക്കേ   തുമാണ്

കലോൽസവവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും മാന്വൽ പ്രകാരമാണ് നടക്കുക.

മൽസര ഇനങ്ങളുടെ ഐറ്റം കോഡ് കലോൽസവത്തിന്റെ സൈറ്റിൽ ലഭിക്കും.

22/10/2018 തിങ്കളാഴ്ച വൈകിട്ട് അഞ്ചു മണിക്കുള്ളിൽ എല്ലാ വിദ്യാലയങ്ങളും പ്രവേശനലിസ്റ്റ് അപ്‌ലോഡ് ചെയ്തശേഷം കൺഫേം ചെയ്ത് പ്രിന്റ് എടുത്ത് ഒരു കോപ്പി അതാതുവിഭാഗം മേലധികാരിയുടെ ഒപ്പും സീലും വെച്ച് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിലോ കലോൽസവ വേദിയായ കരിമ്പുഴ ഹയർസെക്കന്ററി സ്കൂളിലോ സമർപ്പിക്കേ   താണ്.

എൻട്രികൾ കൺഫേം ചെയ്തതിനു ശേഷം തിരുത്തലുകൾ അനുവദിക്കുന്നതല്ല

ഒക്ടോബർ 29 തിങ്കൾ,നവംബർ 3 ശനി ദിവസങ്ങളിലായി കലോൽസവത്തിന്റെ മൽസരങ്ങൾ നടത്തുന്നതായിരിക്കും

കലോൽസവത്തിന്റെ പൊതു ഇനങ്ങൾ കരിമ്പുഴ ഹയർസെക്കന്ററി സകൂളിലും,സംസ്കൃതോൽസവം എച്ച്.കെ.സി.എം.എം.എസ് ഫോർ ബ്ലൈന്റ് കോട്ടപ്പുറം,അറബിക് കലോൽസവം എ.എം.എൽ.പി.എസ് കരിമ്പുഴ എന്നിവിടങ്ങളിലും നടത്തുന്നതായിരിക്കും

ഒക്ടോബർ 29 ന്  രാവിലെ 9 മണിക്ക് രജിസ്ട്രേഷൻ ആരംഭിക്കും .അന്നേദിവസം തന്നെ ഓഫ്സ്റ്റേജ് മൽസരങ്ങളും മറ്റേതാനും ഇനങ്ങളും ഉ   ായിരിക്കും.

ഒരു ദിവസം തന്നെ സ്റ്റേജ് പരിപാടികൾ തീർക്കേ  തുകൊ ് മൽസരാർത്ഥികളെ കൃത്യസമയത്തുതന്നെ വേദിയിൽ റിപ്പോർട്ടുചെയ്യിക്കാൻ ബന്ധപ്പെട്ട വിദ്യാലയങ്ങൾ ശ്രദ്ധിക്കണം

മാറിവരുന്ന ഉത്തരവുകൾക്കനുസരിച്ച് ഇനങ്ങളിലും സമയലഭ്യതക്കനുസരിച്ച് വേദികളിലും മാറ്റം വരുത്താവുന്നതിന് സംഘാടകസമിതിക്ക് അധികാരം ഉ   ായിരിക്കും

മൽസര ഇനങ്ങളുടെ വിശദമായ സമയക്രമം സ്കൂളുകൾ എൻട്രി പൂർത്തിയാക്കിയ ശേഷം പ്രസിദ്ധീകരിക്കുന്നതാണ്.

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ചെർപ്പുളശ്ശേരി

ചെയർമാൻ&കൺവീനർ

സംഘാടകസമിതി ഉപജില്ലാ സ്കൂൾ കലോൽസവം 2018